(ബി) ഉണ്ടെങ്കിൽ എത്ര യൂണിറ്റുകൾ, എവിടെയെല്ലാം, സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) ഇതുമൂലം പുതിയതായി എത്ര പേർക്ക് തൊഴിൽ ലഭിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച്.

തൃശ്ശൂർ ജില്ലയിലെ അത്താണിയിൽ — 1

ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ — 3

കോഴിക്കോടു ജില്ലയിലെ ബേപ്പൂരിൽ — 1

(സി) ഉദ്ദേശം 2300 പേർക്ക്.

ടിംബർ കോംപ്ലക്സ്

751 [1104] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ സഹായത്തോടെ നിലമ്പൂരിൽ 102 കോടി ഉറുപ്പിക മുതൽ മുടക്കി ആരംഭിക്കാനിരുന്ന ടിമ്പർ കോംപ്ലക്സ് ഇന്നുവരെയായിട്ടും തുടങ്ങാത്തതിന്റെ കാരണം എന്താണ്;

(ബി) ഇതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ പോകുന്നത്?

ഉത്തരം

(എ) ഈ പദ്ധതിയുടെ പ്രായോഗികവും സാങ്കേതികവുമായ വശങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തണമെന്ന് ലോക ബാങ്ക് ആവശ്യപ്പെട്ടതനുസരിച്ച് അത്തരം ഒരു പഠനം ഇപ്പോൾ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നതേയുള്ളു.

(ബി) തടസ്സങ്ങൾ എന്തെല്ലാമാണെന്ന് റിപ്പോർട്ട് കിട്ടി പരിശോധിച്ചതിനു ശേഷം മാത്രമേ അറിയുകയുള്ളു.

ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തടികൾ വെട്ടിയിറക്കി സ്റ്റോക്കു ചെയ്യുന്ന സ്ഥലങ്ങൾ

752 [1105] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കൂപ്പുകളിൽനിന്നും തടികൾ വെട്ടിയിറക്കി സ്റ്റോക്കു ചെയ്യുന്നതിന് സംസ്ഥാനത്ത് എത്ര സ്ഥലങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly